

## അനുസ്മരണം

# ആലത്തൂർ ഹസനാർ സാഹിബ്

**പാലക്കാട്** ജില്ലയിലെ ആലത്തൂരിലും പരിസര പ്രദേശങ്ങളിലും ഇസ്‌ലാമിക പ്രസ്ഥാനത്തെ കരുപ്പിടിപ്പിക്കുന്നതിൽ നിർണായക പങ്കുവഹിച്ച ജമാഅത്ത് അംഗം എ. ഹസനാർ സാഹിബ് (75) 2007 ജനുവരി 31-ന് അല്ലാഹുവിന്റെ സന്നിധിയിലേക്ക് യാത്രയായി - *ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.*

ഉമ്മയും മൂന്ന് സഹോദരിമാരും രണ്ട് സഹോദരന്മാരും ഭാര്യയും ആറ് പെൺമക്കളും മൂന്ന് ആൺമക്കളും അടങ്ങുന്ന വലിയ കുടുംബത്തെ പുലർത്താൻ 12-ാം വയസ്സുമുതൽ 62-ാം വയസ്സുവരെ അദ്ദേഹം അത്യധ്വാനം ചെയ്തു. ബീഡിത്തെറുപ്പ്, ബേക്കറി കച്ചവടം, ബനിയൻ കച്ചവടം, കാപ്പിപ്പൊടി വിൽപന, ഗൾഫിൽ ശിപായി തുടങ്ങി നിരവധി മേഖലകളിൽ ജോലി ചെയ്ത അദ്ദേഹം ദാരിദ്ര്യത്തിലും ഐശ്വര്യത്തിലും ഒരു പോലെ തികഞ്ഞ ലാളിത്യം പുലർത്തി.

തികഞ്ഞ ദാരിദ്ര്യത്തിലും ആത്മാഭിമാനിയായ അദ്ദേഹം ആരുടെയും ഔദാര്യം സ്വീകരിച്ചില്ല. ദീനീബന്ധമുള്ള വിവാഹമേ നടത്തൂ എന്ന് നിർബന്ധമുണ്ടായിരുന്ന അദ്ദേഹം യു. ഇബ്റാഹീം സാഹിബ് വഴി എ. അബ്ദുൽഖാദിർ സാഹിബിന്റെ മകളെ (ജമാഅത്ത് കേരള ഹൽഖാ സെക്രട്ടറി എ. മുഹമ്മദലി സാഹിബിന്റെ മൂത്ത സഹോദരി) വിവാഹം ചെയ്തു. വിവാഹ ഖുത്ബ നിർവഹിച്ചത് അന്നത്തെ തമിഴ്നാട് ഹൽഖാ അമീർ ശൈഖ് അബ്ദുല്ല സാഹിബായിരുന്നു.

മക്കളുടെ ആരാധനാ കാര്യങ്ങളിലും സദാചാരത്തിലും സ്വഭാവരൂപീകരണത്തിലും തികഞ്ഞ ശ്രദ്ധപുലർത്തി.

സ്ത്രീധനത്തെ ശക്തമായി എതിർത്ത ഞങ്ങളുടെ പിതാവ് തന്റെ ആൺമക്കൾക്ക് സ്ത്രീധനം വാങ്ങില്ലെന്നും പെൺമക്കൾക്ക് കൊടുക്കില്ലെന്നും ദൃഢനിശ്ചയം ചെയ്തു. മകൾക്ക് സ്ത്രീധനം ചോദിച്ച് ഒരാലോചന വന്ന കാര്യം ഉമ്മ കത്തിലൂടെ അറിയിച്ചപ്പോൾ തന്റെ കൂട്ടുകാരനോട് അദ്ദേഹം പ്രതികരിച്ചു: 'ഞാൻ വളർത്തി വലുതാക്കിയ മകൾക്ക് വിലപറയാൻ അവനാരാണ്?' മറ്റൊരിക്കൽ ഉമ്മക്ക് എഴുതിയ കത്തിലെ വരികൾ ഇങ്ങനെ: 'സ്ത്രീധനം ചോദിച്ച് വരുന്നവർക്ക് ചായപോലും കൊടുക്കരുത്.' തുഛവരുമാനം കൊണ്ട് കുടുംബം പുലർത്തിയ ബാപ്പ മക്കളുടെ വിവാഹം സ്ത്രീധനരഹിതമായിത്തന്നെ നടത്തി. ഒമ്പതു മക്കളും പ്രസ്ഥാനപാതയിൽതന്നെ ചരിക്കുന്നു.

മുസ്‌ലിം ലീഗ് പ്രവർത്തകനായിരുന്ന ബാപ്പ പ്രസ്ഥാനവുമായി അടുത്ത ശേഷം പ്രസ്ഥാനപ്രവർത്തനം ദിനചര്യയാക്കി. ഗൾഫിൽനിന്ന് വന്നപ്പോൾ പ്രാദേശിക ഹൽഖാ നാസിമായി ചുമതല ഏൽപിക്കപ്പെടുകയും ചെയ്തു. അദ്ദേഹത്തിന്റെ സഹപ്രവർത്തകർ പറഞ്ഞിരുന്നത് 'അദ്ദേഹം എല്ലാം എന്നോടായിരുന്നു തുറന്നു പറഞ്ഞത്' എന്നായിരുന്നു. പ്രവർത്തകരുമായി അദ്ദേഹത്തിന് അത്രമാത്രം ആത്മബന്ധമുണ്ടായിരുന്നു.

എപ്പോഴും പുഞ്ചിരിക്കുന്ന മുഖവുമായിട്ടാണ് ഏവരെയും അഭിമുഖീകരിക്കുക. ആരെ കണ്ടാലും പ്രസ്ഥാനത്തെ പരിചയപ്പെടുത്താൻ മറക്കില്ല. ഒരിക്കൽ പരിചയപ്പെട്ടവരോട് സദാ ബന്ധം പുലർത്തി. അദ്ദേഹം വഴി പ്രസ്ഥാനത്തിലേക്ക് കടന്നുവന്നവർ നിരവധിയാണ്.

ചോദ്യങ്ങൾക്കും സംശയങ്ങൾക്കും കുറിക്കു കൊള്ളുന്ന മറുപടിപറയാൻ കഴിവുണ്ടായിരുന്നു അദ്ദേഹത്തിന്. ഒരിക്കൽ തമിഴ്നാട്ടിലെ കോത്തഗിരിയിൽ അദ്ദേഹം രൂപംനൽകിയ ഹൽഖയുടെ വാരാന്തക്ലാസ്സിലേക്ക് ഒരു ഉയർന്ന പോലീസ് ഓഫീസർ കടന്നുവന്ന് ചോദിച്ചു: 'നിങ്ങളെന്താണിവിടെ ചെയ്യുന്നത്.' 'ഞങ്ങൾ നിങ്ങളെ സഹായിക്കുകയാണ്' - ഉടനെ വന്നു ബാപ്പയുടെ മറുപടി. പറഞ്ഞതിന്റെ ഉദ്ദേശ്യം വ്യക്തമാക്കാനാവശ്യപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു: 'നാട്ടിലെ കള്ളന്മാരെയും തെമ്മാടികളെയും പിടികൂടലാണല്ലോ പോലീസിന്റെ പണി. എന്നാൽ കള്ളന്മാരും തെമ്മാടികളും ആകുന്നതിൽനിന്ന് ജനങ്ങളെ തടയലാണ് ഞങ്ങളുടെ പണി.' ഗൗരവഭാവത്തിൽ വന്ന പോലീസ് ഓഫീസർ മറുപടികേട്ട് ചിരിച്ച് മടങ്ങിയത്രെ. ആലത്തൂരിൽ നിരീശ്വരവാദി സംഘം സംഘടിപ്പിക്കുന്ന ചർച്ചയിൽ പങ്കെടുക്കാൻ ഫീസ് നൽകി അംഗത്വമെടുത്ത് ഇസ്‌ലാമിക വിശ്വാസവും കാഴ്ചപ്പാടും അവതരിപ്പിക്കുമായിരുന്നു.

താൻ താമസിച്ചിടത്തൊക്കെ പ്രസ്ഥാനം കരുപ്പിടിപ്പിക്കുന്നതിലും സ്ഥാപനങ്ങൾ ഉണ്ടാക്കുന്നതിലും മുൻകൈയെടുത്ത ബാപ്പ ആലത്തൂരിലെ ഇശാഅത്ത് മസ്ജിദ്, അൽമനാർ മദ്റസ, ഇസ്‌ലാമിയാ കോളേജ് എന്നിവ സ്ഥാപിക്കുന്നതിന് തന്റേതായ സംഭാവനകൾ അർപ്പിച്ചു. കോത്തഗിരിയിലായിരിക്കുമ്പോൾ കൊച്ചിയിൽനിന്ന് ഒരു അധ്യാപികയെ വരുത്തി മദ്റസ സ്ഥാപിച്ചു. ഇപ്പോഴും അത് ഭംഗിയായി നടക്കുന്നു.

ഖത്തറിൽ ബാപ്പയുടെ ശ്രമഫലമായി 'ആലത്തൂർ മുസ്‌ലിം ജമാഅത്ത്' എന്ന മഹല്ല് സംഘടനക്ക് രൂപംകൊടുക്കുകയും ദീർഘകാലം അതിന്റെ പ്രസിഡന്റായി പ്രവർത്തിക്കുകയും ചെയ്തു. ഇപ്പോഴത് ഊർജസ്വലതയോടെ പ്രവർത്തിച്ചുവരുന്നു. അദ്ദേഹത്തിന്റെ തന്നെ ശ്രമഫലമായാണ് ആലത്തൂരിൽ 'പലിശരഹിത നിധി' സ്ഥാപിതമായത്. അദ്ദേഹം ആസൂത്രണം ചെയ്ത വിധവാ പെൻഷൻ മാസംതോറും പതിനഞ്ച് കുടുംബങ്ങൾക്ക് ആശ്വാസമായി വർത്തിക്കുന്നു.

ഖത്തർ പോലീസിൽ ശിപായി പണിക്കിടക്ക് കിട്ടുന്ന ഒഴിവുസമയത്ത് ഒരിക്കൽ *ഖുത്ബാത്ത്* വയിച്ചുകൊണ്ടിരിക്കുമ്പോൾ അറബി ഓഫീസർ വന്ന് പുസ്തകം വാങ്ങി മറിച്ചുനോക്കി. ഗ്രന്ഥകാരന്റെ പേര് മനസ്സിലായപ്പോൾ 'നിനക്ക് ഇമാം മൗദൂദിയെ അറിയുമോ' എന്ന് ചോദിച്ചു. 'മൗദൂദിയെ മാത്രമല്ല ഇമാം ഹസനുൽബന്നായെയും സയ്യിദ് ഖുത്ബിനെയും സൈനബുൽ ഗസാലിയെയുമെല്ലാം അറിയാം, അവരുടെയെല്ലാം പുസ്തകങ്ങൾ ഞാൻ വായിച്ചിട്ടുണ്ട്' എന്ന് ബാപ്പ മറുപടി പറഞ്ഞു. ഇഖ്വാനിയായ ഓഫീസർ കേരളത്തിൽനിന്നുള്ള ഒരു സാധാരണക്കാരന് തന്റെ നേതാക്കളോടും അവരുടെ ഗ്രന്ഥങ്ങളോടുമുള്ള താൽപര്യത്തിൽ അത്ഭുതപ്പെട്ട് അദ്ദേഹത്തെ കെട്ടിപ്പിടിച്ച് സന്തോഷം പ്രകടിപ്പിച്ചു. ഓഫീസർ പാരിതോഷികമായി നൽകിയ വലിയൊരു തുക ആലത്തൂർ അൽമനാർ മദ്റസ ഫണ്ടിലേക്ക് സംഭാവന ചെയ്തു. ഖത്തറിൽനിന്ന് ബാപ്പ പിരിച്ചെടുത്ത തുകകൂടി ഉപയോഗിച്ചായിരുന്നു ഇശാഅത്തുൽ ഇസ്‌ലാം പള്ളിക്ക് സ്ഥലം വാങ്ങിയത്. ഏതാനും വർഷങ്ങളായി രോഗശയ്യയിലായിരുന്നു. സ്നേഹനിധിയായ പിതാവിന് അല്ലാഹു പൊറുത്തു കൊടുക്കുകയും അദ്ദേഹത്തെയും നമ്മെയും സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യുമാറാകട്ടെ - ആമീൻ.

**അബ്ദുർറഹ്മാൻ ആലത്തൂർ**